പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4882

26.06.2019-ൽ മറുപടിയ്ക്ക്

## ഡോ.എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല

*ചോദ്യം*

ശ്രീ.മഞ്ഞളാംകുഴി അലി

*ഉത്തരം*

ഡോ.കെ.ടി. ജലീൽ

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | ഡോ. എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല നടത്തിയ കെമിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ വിദ്യാർത്ഥികൾക്ക് കൂട്ടത്തോൽവി ഉണ്ടായതായി പറയപ്പെടുന്ന വിഷയത്തിൽ മൂല്യനിർണ്ണയത്തെപ്പറ്റി പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പരാതികൾ പരിഗണിച്ച് ഉത്തരക്കടലാസുകൾ പുനർ മൂല്യനിർണയം നടത്തി, പുതിയ റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ മൂല്യനിർണ്ണയത്തിലുണ്ടാകുന്ന ഇത്തരം പിഴവുകൾ സർക്കാർ കോളേജുകളെ തകർക്കുന്നതിന് ഇടയാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂല്യനിർണ്ണയത്തിൽ വീഴ്ചവരുത്തുന്ന അധ്യാപകർക്ക് പിഴ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൂല്യനിർണയത്തിൽ പങ്കെടുക്കാതിരിക്കുന്ന അദ്ധ്യാപകർക്കെതിരെ നടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ | | |

| | | | |
|---|---|---|---|
| | ആവർത്തിയ്ക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ